(സി) പ്രസ്തുത മേഖലയിൽ റോഡ് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

1980-ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിന്റെയും, 2006-ലെ വനാവകാശ നിയമത്തിന്റെയും സംസ്ഥാന, കേന്ദ്ര വനം-വന്യജീവി ബോർഡിന്റെ മാനദണ്ഡ പ്രകാരവുമാണ് അനുമതി നൽകുന്നത്.

പെരുമ്പെട്ടി മേഖലയിലെ വനാതിർത്തി നിർണ്ണയ സർവ്വേ

135(441) ശ്രീ പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്തൻപുഴ, പെരുമ്പെട്ടി മേഖലയിലെ വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയാകാത്തതിനാൽ പ്രദേശത്തെ കർഷകരും കൈവശാവകാശികളും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പുമായി ചേർന്ന് പ്രസ്തുത വനാതിർത്തി നിർണ്ണയ സർവ്വേയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ കൂടി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

22-1-2021-ലെ ബഹു. വനം-റവന്യൂ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ അവശേഷിക്കുന്ന ജോയിന്റ് സർവ്വേ, 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സർവ്വേ നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ആധികാരിക സ്കെച്ച് ലഭ്യമല്ല. ലഭ്യമായ സ്കെച്ചുകൾ 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമാണെന്ന് സ്ഥാപിക്കുന്ന യാതൊരു രേഖപ്പെടുത്തലുകളുമില്ല. അപ്രകാരം ആധികാരികമല്ലാത്ത ഒരു സ്കെച്ചിനെ അടിസ്ഥാനപ്പെടുത്തി വനഭൂമിയുടെ സ്റ്റാറ്റസ് നിർണ്ണയിക്കുക അസാധ്യമാണ്. ആയതിനാലാണ് സർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തത്. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ശബരിമലയിലെ റീ സർവ്വേ നടപടികൾ

136(442) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ വനം, ദേവസ്വം വകുപ്പുകളുടെ കീഴിലുള്ള ഭൂമിയുടെ വിസ്തീർണ്ണം തീരുമാനിക്കുന്നതിനായി റീസർവ്വേ നടപടികൾ പുരോഗമിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇത്തരമൊരു റീസർവ്വേ നടപടിയിലേക്ക് നയിച്ച സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ബഹു. കേരള ഹൈക്കോടതിയുടെ 17-10-2017-ലെ ഡി.എ.ബി-13/2016 ഉത്തരവ് പ്രകാരമാണ് സർവ്വേ നടത്തിയിട്ടുള്ളത്.

(സി) ഏതൊക്കെ പ്രദേശങ്ങൾ സംബന്ധിച്ചാണ് വനം വകുപ്പുമായി തർക്കമുള്ളതെന്ന് വെളിപ്പെടുത്തുമോ?

വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സന്നിധാനത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് പാട്ടത്തിനോ/ വനേതര ഉപയോഗങ്ങൾക്കായി ഡൈവേർട്ട് ചെയ്തുകൊടുത്ത സ്ഥലവും, യഥാർത്ഥത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈവശം വച്ചിരിക്കുന്നതും തമ്മിലുള്ള പൊരുത്തക്കേടുകൾ സംബന്ധിച്ചാണ് തർക്കം നിലനിൽക്കുന്നത്.

ആലപ്പുഴ ജില്ലയിലെ സാമൂഹിക വനവൽക്കരണ പദ്ധതി

137(443) ശ്രീ തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സാമൂഹിക വനവൽക്കരണ പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിൽ സാമൂഹിക വനവൽക്കരണ പദ്ധതി കാര്യക്ഷമമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഹരിത കേരള മിഷന്റെ ഭാഗമായി നടത്തിവരുന്ന എന്റെ മരം, നമ്മുടെ മരം തുടങ്ങിയ വൃക്ഷത്തൈ വിതരണ പരിപാടികൾ.

2. വഴിയോരത്തണൽ പദ്ധതിപ്രകാരം കൂടുതൽ പാതയോരങ്ങളിൽ വൃക്ഷവൽക്കരണം.

3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി കൂടുതൽ സ്ഥാപനങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ.

4. തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബ് മുഖാന്തരം ചെറുവനങ്ങളുടെ മാതൃകയിൽ വിദ്യാവനങ്ങൾ സ്ഥാപിക്കൽ.

5. നഗരവനം പദ്ധതിയുടെ വ്യാപനം.

6. വനവിജ്ഞാന വ്യാപന പ്രക്രിയയുടെ ഭാഗമായി ക്ലാസ്സുകൾ, സെമിനാറുകൾ.

7. തീരം ഹരിതാഭമാക്കി സംരക്ഷിക്കുവാൻ കടലോര മേഖലയിൽ കാറ്റാടി നടുന്ന പരിപാടിയുടെ വ്യാപനം.

8. വേമ്പനാട് തണ്ണീർത്തട പരിപാലനം, പക്ഷി സംരക്ഷണം, കടലാമ സംരക്ഷണം തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly